"ഭരണഭാഷ-മാതൃഭാഷ"

# ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് – ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം – കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് പെട്രോൾ പമ്പ് കെട്ടിടനിർമ്മാണം – ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് ശ്രീ. ജോസഫ് മാത്യു, വട്ടക്കുന്നേൽ ഹൗസ്, തമ്പലക്കാട് സമർപ്പിച്ച അപേക്ഷ.

---

ഉത്തരവ് നമ്പർ TCPKTM/106/2021-C തീയതി : **22/02/2021**

---

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കാഞ്ഞിരപ്പള്ളി വില്ലേജിൽ, ബ്ലോക്ക് നമ്പർ 14-ൽ റീസർവ്വെ നമ്പർ 242/3, 242/3-3-ൽ പ്പെട്ട 4184 ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്തിലെ 1104 ച.മീ വിസ്തീർണ്ണമുള്ള സ്ഥലത്ത് 204.47 ച.മീ വിസ്തീർണ്ണമുള്ള സെയിൽസ് കെട്ടിടവും , 15.15 ച.മീറ്റർ വിസ്തീർണ്ണമുള്ള ടോയ്ലറ്റ് ബ്ലോക്കും , 296 ച.മീ വിസ്തീർണ്ണമുള്ള കാനോപി എന്നിവ നിർമ്മിക്കുന്നതിന് കെ.പി.ബി.ആർ-2019 ചട്ടങ്ങൾക്കും, താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗത്തിനും, കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും , ലഭ്യമാക്കേണ്ട എൻ.ഒ.സി അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച ഉറപ്പ് വരുത്തിയ ശേഷം മാത്രമേ കെട്ടിടനിർമ്മാണ അനുമതി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളൂ.

## നിബന്ധനകൾ

1. കെ.പി.ബി.ആർ-2019 ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാവകാശം, നിർമ്മാണവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും , സ്ഥലപരിശോധന നടത്തിയും ഉറപ്പുവരുത്തേണ്ടതാണ്.
2. മലിനീകരണ നിയന്ത്രണ ബോർഡ്, ഫയർഫോഴ്സ് തുടങ്ങി ആവശ്യമായ വകുപ്പുകളിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.
3. കെ.പി.ബി.ആർ അദ്ധ്യായം XIX/കെ.എം.ബി.ആർ അദ്ധ്യായം XVII പ്രകാരമുള്ള സേഫ്റ്റി പ്രൊവിഷനുകൾ പാലിച്ചിരിക്കേണ്ടതാണ്.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
5. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
6. നിർദ്ദിഷ്ട വസ്തുവിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ച് സെക്രട്ടറി ഉറപ്പുവരുത്തണം.
7. ചട്ടം 5(4-12) പ്രകാരം ആവശ്യമായ അഗ്നിസുരക്ഷാ സംവിധാനം ഉറപ്പ

വരുത്തണം.

8. ചട്ടം 79(6)(b) പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പ വരുത്തണം.
9. കട്ടിംഗ് & ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി നേടിയിരിക്കണം.
10. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ വരുത്തണം.
11. കെ.പി.ബി.ആർ-2019 അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പവരുത്തണം.

മേൽ അംഗീകാരം, കെട്ടിടനിർമ്മാണം/ഭൂവികസന പ്രവർത്തനം എന്നിവ തുടങ്ങുന്നതിനുള്ള അനുമതി അല്ല. കെ.പി.ബി.ആർ-2019 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനുശേഷം മാത്രമേ സെക്രട്ടറി നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കാൻ പാടുള്ളൂ.

(അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ - 12/2021/KTM)

**SUJA MATHAI, TP TPKTYM, O/O TP TPKTYM**

സെക്രട്ടറി
കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്

പകർപ്പ് :

1. ശ്രീ. ജോസഫ് മാത്യു, വട്ടക്കുന്നേൽ ഹൗസ്, തമ്പലക്കാട് (പ്ലാൻ 1 സെറ്റ് സഹിതം)
2. അധികം -1

S/18022021